(സി) കേസ്സിലെ പ്രതികൾ ആരൊക്കെയാണ്;

(ഡി) ഏതെങ്കിലും പ്രതിയെ അറസ്റ്റ്ചെയ്തിട്ടുണ്ടോ;

(ഇ) കേസ്സിന്റെ ഇന്നത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ)മുതൽ(ഇ)വരെ ഉണ്ട്. കേസ്സന്വേഷണം നടന്നുവരുന്നു. അന്വേഷണം ത്വരിതപ്പെടുത്താൻ കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.

95 (2406) കൂരോപ്പട പഞ്ചായത്തിലെ തോമസിനെ മർദ്ദിച്ച സംഭവം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കൂരോപ്പട പഞ്ചായത്തിലെ ചങ്ങട ചിറത്തലാട്ട് തോമസ് എന്നയാളെ 6-2-2000-ന് പാമ്പാടി സർക്കിൾ ഇൻസ്പെക്ടർ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ശ്രീ. തോമസിന്റെ മൊഴി എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണ് എടുത്തത്;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) തോമസിന്റെ പരാതിയെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി എടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) 23-2-2000.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇക്കാര്യത്തെക്കുറിച്ച് കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു.

96 (2407) പത്തനംതിട്ടയിൽ കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ നടന്ന ലാത്തിച്ചാർജ്ജ്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഫെബ്രുവരി 8-ാം തീയതി പത്തനംതിട്ടയിൽ കോൺഗ്രസ്സ് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കൊക്കെ പരിക്കുപറ്റി എന്നും അവരെ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സിച്ചത് എന്നും വ്യക്തമാക്കുമോ;

(സി) കോൺഗ്രസ്സ്-യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ഇതുമായി ബന്ധപ്പെട്ട കേസ്സ് എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly